**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3726** **12-03-2025 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ കടപ്ലാമറ്റം ഗ്രാമപ്പഞ്ചായത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം പൊതു കളിസ്ഥലം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് ഒരേക്കർ ഇരുപത്തിയൊൻപത് സെന്റ് ഭൂമി വാങ്ങി നൽകിയിരുന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിവരം വിശദമാക്കാമോ; | (എ) | കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് കളിസ്ഥലം നിർമ്മാണപ്രവൃത്തിക്ക് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എം.എൽ.എ ഫണ്ടിൽ നിന്നുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനായി പ്രസ്തുത എസ്റ്റിമേറ്റ് കോട്ടയം ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് ജില്ലാകളക്ടറുടെ ഭരണാനുമതി ലഭിച്ചിട്ടില്ല. |
| (ബി) | കടുത്തുരുത്തി മണ്ഡലത്തിലെ കടപ്ലാമറ്റം ഗ്രാമപ്പഞ്ചായത്തിൽ സർക്കാർ ഉത്തരവ് നം.232/2024/S&YA പ്രകാരം 19/09/2024-ൽ അനുവദിച്ച ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരമുള്ള കടപ്ലാമറ്റം ഗ്രാമപ്പഞ്ചായത്ത് സ്റ്റേഡിയത്തിന് എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി അമ്പത് ലക്ഷം രൂപ അനുവദിച്ചിരുന്നതിന്മേലുള്ള എസ്റ്റിമേറ്റും ഡി.പി.ആറും കായിക വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ഈ പദ്ധതിക്ക് ജില്ലാ കളക്ടർ ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് കളിസ്ഥലം നിർമ്മാണപ്രവൃത്തിക്ക് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എം.എൽ.എ ഫണ്ടിൽ നിന്നുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനായി പ്രസ്തുത എസ്റ്റിമേറ്റ് കോട്ടയം ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് ജില്ലാകളക്ടറുടെ ഭരണാനുമതി ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തിക്ക് ജില്ലാകളക്ടറുടെ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ആനുപാതികമായ തുക കായികവകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച് സംയുക്തഭരണാനുമതി നൽകുന്നതാണ്. തുടർന്ന്, ടെണ്ടർ ക്ഷണിക്കൽ ഉൾപ്പെടെയുള്ള തുടർനടപടികൾ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ